"ഭരണഭാഷ - മാതൃഭാഷ"

നമ്പർ:PC2-23473/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,
തിരുവനന്തപുരം - 695 033.
തീയതി: 04.08.2017.
Email: swdkerala@gmail.com
Phone: 0471-2306040.

അപ്പീൽ അധികാരി,
അഡീഷണൽ ഡയറക്ടർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീ. റ്റി.എൻ. പ്രതാപൻ
തോട്ടുപുറത്ത്, 42/905,
അഞ്ചുമുറി റോഡ്,
തമ്മനം, കൊച്ചി - 682 032.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശ പ്രകാരമുള്ള അപ്പീൽ അപേക്ഷ - മറുപടി - സംബന്ധിച്ച്.

സൂചന: ഈ കാര്യാലയത്തിൽ ലഭ്യമായ താങ്കളുടെ അപ്പീൽ അപേക്ഷ.

താങ്കൾ വിവരാവകാശം മുഖേന സമർപ്പിച്ച അപേക്ഷയ്ക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റ് തലത്തിൽ നൽകാവുന്ന വിവരങ്ങൾ കൃത്യമായി നൽകിയിട്ടുണ്ട്. 2013-14 മുതൽ 2016-17 വരെ വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ള തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ടി മറുപടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അതത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ താങ്കൾക്കു നേരിട്ട് നൽകുന്നതിനായി PC2-23473/17(1) നമ്പരായുള്ള 07.07.2017 ലെ കത്ത് പ്രകാരം ഇവിടെ നിന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കുട്ടികളുടെ സംരക്ഷണത്തിനായി ഫണ്ട് അനുവദിക്കുന്നത് സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS) ഓഫീസിൽ നിന്നാണ്. ഇതു സംബന്ധിച്ച രണ്ടാമത്തെ ചോദ്യത്തിനുള്ള മറുപടി താങ്കൾക്കു നൽകുന്നതിന് ഐ.സി.പി.എസിന് കത്ത് നൽകിയിട്ടുണ്ട്.

ശിശുക്ഷേമത്തിനായി പ്രവർത്തിക്കുന്ന NGO കൾ ആകെ ഗ്രാന്റ് തുകയുടെ 10% വഹിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട 3, 4 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി ഐ.സി.പി.എസിൽ നിന്നും താങ്കൾക്കു ലഭ്യമാക്കുന്നതാണ്.

PL

സംസ്ഥാന ശിശുക്ഷേമ സമിതിയെ സംബന്ധിച്ച അഞ്ചാമത്തെ ചോദ്യത്തിനുള്ള മറുപടി ഐ.സി.പി.എസിൽ നിന്നും ലഭ്യമാക്കുന്നതാണ്.

സാമൂഹ്യനീതി വകുപ്പ് നേരിട്ട് 9 സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. ഭിന്നശേഷിക്കാർക്കായി NGO കൾ നടത്തുന്ന 500 ൽ അധികം സ്ഥാപനം ഉണ്ട്. അംഗീകാരമുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച ആറാമത്തെ ചോദ്യത്തിനുള്ള മറുപടി താങ്കൾക്കു നൽകുന്നതിനായി ഓർഫനേജ് കൺട്രോൾ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ദത്തെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച താങ്കളുടെ ഏഴാമത്തെ ചോദ്യത്തിനുള്ള മറുപടി ഐ.സി.പി.എസിൽ നിന്നും ലഭ്യമാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ www.sjdkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

വിശ്വസ്തതയോടെ,

**കെ.കെ.സുരേന്ദ്രകുമാർ**
**അഡീഷണൽ ഡയറക്ടർ &**
**അപ്പീൽ അധികാരി**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്.**

PL